"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.സുരേഷ് ലാൽ.എസ്, ഓർത്തോപീഡിക് വിഭാഗം കൺസൾട്ടന്റ് - സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.974/2025/H&FWD തീയതി,തിരുവനന്തപുരം, 01-04-2025

പരാമർശം:-

1. ഡോ.സുരേഷ്‌ലാൽ.എസ് സമർപ്പിച്ച 14.11.2024 തീയതിയായ അപേക്ഷ (Annexure A-20).
2. ഡോ.സുരേഷ് ലാൽ.എസ് ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1794/2024-ന്മേലുള്ള 25.11.2024 തീയതിയായ ഉത്തരവ്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 23.12.2024-ലെ DHS/9551/2023-EA1 നമ്പർ കത്ത്.
4. കൊല്ലം ജില്ലാ കളക്ടറുടെ 01.03.2025-ലെ DCKLM/807/2025-M6 നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ ഓർത്തോപീഡിക് വിഭാഗം കൺസൾട്ടന്റ് ഡോ.സുരേഷ് ലാൽ.എസ്., ബഹു: ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA-1794/2024 നമ്പർ ഹർജിയിന്മേലുള്ള പരാമർശം (2) ഉത്തരവിൽ ടിയാളുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട വിഷയത്തിൽ 2-ാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (1) അപേക്ഷ പരിശോധിച്ചതിനു ശേഷം ഉത്തരവ് കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും, ടി ഉത്തരവ് പുറപ്പെടുവിക്കുന്നതു വരെ കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിലുള്ള ഓർത്തോപീഡിക് സർജന്റെ (ജൂനിയർ കൺസൾട്ടന്റ്) ഒഴിവിൽ മറ്റാരെയും നിയമിക്കരുതെന്നും നിർദ്ദേശിച്ചിരുന്നു.

2) ഡോ.സുരേഷ് ലാലിനെ സ.ഉ (സാധാ) നം.2691/2024/ആകുവ തീയതി 08.11.2024 പ്രകാരം കൺസൾട്ടന്റ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി അടൂർ ജനറൽ ആശുപത്രിയിൽ നിയമിച്ചിരുന്നു. കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കൺസൾട്ടന്റ് (ഓർത്തോപീഡിക് സർജറി) തസ്തികയിൽ ഒഴിവ് നിലവിലുള്ളതിനാൽ ടി സ്ഥാപനത്തിൽ നിയമനം അനുവദിക്കണമെന്ന് ഡോ.സുരേഷ് ലാൽ സർക്കാരിൽ അപേക്ഷ

സമർപ്പിക്കുകയും, ബഹു:ട്രിബ്യൂണൽ മുമ്പാകെ OA.1794/2024 ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ട്രിബ്യൂണലിന്റെ അന്തിമ ഉത്തരവിൽ ഡോ.സുരേഷ് ലാൽ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്കാണ് ട്രിബ്യൂണൽ നിർദ്ദേശം നൽകിയിരുന്നത്. ഡോ.സുരേഷ് ലാൽ മാനസികാസ്വാസ്ഥ്യമുള്ള സഹോദരന്റെ നിയമപരമായ സംരക്ഷകനായതിനാൽ ടിയാന് കൊല്ലം കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽകാവുന്നതാണെന്നും, എന്നാൽ കൺസൾട്ടന്റ് തസ്തികയുടെ നിയമനാധികാരി സർക്കാർ ആയതിനാൽ, നിയമന ഉത്തരവ് സർക്കാർ പുറപ്പെടുവിക്കണമെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിരുന്നു.

3) ഡോ സുരേഷ് ലാലിന്റെ ഒരു സഹോദരനായ ശ്രീ സന്തോഷ് മാനസിക വൈകല്യമുള്ള വ്യക്തിയാണെന്നും ഡോ സുരേഷ് ലാലിൽ നിന്നുള്ള സാമ്പത്തിക സഹായം ഉൾപ്പെടെ എല്ലാ സഹായങ്ങളും മാനസിക വൈകല്യമുള്ള സഹോദരനായ ശ്രീ സന്തോഷിന് ആവശ്യമുണ്ടെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതായും ആയതിനാൽ ഡോ സുരേഷ് ലാലിന്റെ അപേക്ഷ അനുകമ്പാപൂർവ്വം പരിഗണിക്കാവുന്നതാണെന്നും കൊല്ലം ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്തിരുന്നു.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അടൂർ ജനറൽ ആശുപത്രിയിലെ ഓർത്തോപീഡിക് സർജറി വിഭാഗം കൺസൾട്ടന്റ് ഡോ.സുരേഷ് ലാലിന് കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കൺസൾട്ടന്റ് (ഓർത്തോപീഡിക് സർജറി) തസ്തികയിൽ നിലവിലെ ഒഴിവിൽ സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) ആരോഗ്യ വകുപ്പ് ഡയറക്ടർ ഈ ഉത്തരവ് പി ഡി എഫ് രൂപത്തിൽ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ആയതിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കൊല്ലം/പത്തനംതിട്ട.
ഡോ.സുരേഷ്ലാൽ.എസ്, കൺസൾട്ടന്റ് (ഓർത്തോപീഡിക് സർജൻ) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ (എ2/498/2024/ആകുവ)

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 02-04-2025 11:46:45

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

---

വിഷയം:- ആവഡ-ജീവനക്കാര്യം- ഓർത്തോ വിഭാഗം കൺസൾട്ടൻറായ ഡോ. ഡോ.സുരേഷ് ലാൽ. എസ്- ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA. 1794/2024 നമ്പർ കേസിൽ 25.11.2024 ലെ വിധിന്യായം- അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25.11.2024 ലെ OA-1794/2024 നമ്പർ കേസിൻ മേലുള്ള വിധിന്യായം.

2). സ.ഉ.(സാധാ) നം.974/2025/H&FWD തീയതി 01-04-2025.

**ഉത്തരവ് നം: DHS/9551/2023-EA1 തീയതി:** 04-04-2025

---

അടൂർ ജനറൽ ആശുപത്രിയിലെ ഓർത്തോ വിഭാഗം കൺസൾട്ടന്റായ ഡോ.സുരേഷ് ലാൽ.എസ് ഫയൽ ചെയ്ത OA.1794/2024 നമ്പർ കേസിൽ, ടിയാൻ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൻമേൽ (അനക്സർ എ 20) ഒരു മാസത്തിനുള്ളിൽ ഉത്തരവ് പാസാക്കാൻ ബഹു: കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (1) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

2. ഭിന്ന ശേഷിക്കാരനായ തന്റെ സഹോദരനെ സംരക്ഷിക്കേണ്ടതിനാൽ തനിക്കു കൊല്ലം കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നല്കണം എന്നതാണ് ഡോ.സുരേഷ് ലാൽ.എസ്-ന്റെ

അനക്സർ എ 20-യിലെ ആവശ്യം.

3. മേൽ ആവശ്യം വിശദമായി പരിശോധിച്ചു. അപേക്ഷകൻ കൺസൽട്ടന്റ് റാങ്കിൽ ഉള്ള ഓഫീസർ ആയതിനാലും നിയമന അധികാരി സർക്കാർ ആയതിനാലും ആരോഗ്യ വകുപ്പ് ഡയറക്ടർ ഇക്കാര്യത്തിൽ സർക്കാരിന് ശിപാർശ സമർപ്പിച്ചിരുന്നു.

4. ഹർജിക്കാരന് കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് സ്ഥലം മാറ്റം നൽകി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5. ഹർജിക്കാരന്റെ അനക്സർ എ 20 യിലെ ആവശ്യം മേല്പ്പറഞ്ഞ പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ളതിനാൽ ഇക്കാര്യം റിക്കോർഡ് ചെയ്തുകൊണ്ട് OA.1794/2024 നമ്പർ കേസിലെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25.11.2024 ലെ വിധിന്യായം അനുപാലിച്ച് ഉത്തരവാകുന്നു.

Signed by
Reena K J
Date: 04-04-2025 09:35:22

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

1..ഡോ.സുരേഷ് ലാൽ.എസ്,
കൺസൽട്ടന്റ് (ഓർത്തോ വിഭാഗം),
ജനറൽ ആശുപത്രി,അടൂർ.

പകർപ്പ്:-

1..അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
2..അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം
3..ജില്ലാ മെഡിക്കൽ ഓഫീസർ, പത്തനംതിട്ട.
4.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

•